"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആഭ്യന്തര വകുപ്പ്- ഇന്ത്യ റിസർവ്വ് ബറ്റാലിയൻ പിസി 1289, ശ്രീ. സുനിൽ ആർ. എസ് ജോലിയിൽ നിന്നും വിട്ടുനിന്ന കാലയളവ് ക്രമീകരിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര (കെ)വകുപ്പ്**

സ.ഉ.(സാധാ) നം.2291/2025/HOME തീയതി,തിരുവനന്തപുരം, 06-07-2025

---

പരാമർശം:-

1. ഇന്ത്യാ റിസർവ്വ് ബറ്റാലിയൻ കമാണ്ടന്റിന്റെ 14.02.2024- ലെ BO No. 52/2024/IRB നമ്പർ ഉത്തരവ്.
2. ഇന്ത്യാ റിസർവ്വ് ബറ്റാലിയൻ കമാണ്ടന്റിന്റെ 26.02.2024- ലെ BO No. 65/2024/IRB നമ്പർ ഉത്തരവ്.
3. ശ്രീ. സുനിൽ ആർ. എസ് 21.03.2024- ൽ സമർപ്പിച്ച അപേക്ഷ.
4. സംസ്ഥാന പോലീസ് മോധാവിയുടെ 07.09.2024, 14/03/2025 തീയതിയിലെ L5-61171/2024/PHQ നമ്പർ കത്ത്.

**ഉത്തരവ്**

ഇന്ത്യ റിസർവ്വ് ബറ്റാലിയൻ പിസി 1289, ശ്രീ. സുനിൽ ആർ. എസ് (PEN- 696166) , 15.08.2023 മുതൽ 20.08.2023 വരെ BH ഉൾപ്പെടെ ആകസ്മികാവധിയിൽ പ്രവേശിച്ചിരുന്നുവെന്നും പിന്നീട് 21.08.2023 തീയതി ടിയാൻ ബൈക്കിൽ നിന്നും വീണ് പരിക്ക് പറ്റിയതിനെ തുടർന്ന് ആശുപത്രിയിൽ അഡ്മിറ്റ് ആകുകയും തുടർന്ന് ഡോക്ടറുടെ നിർദ്ദേശം പ്രകാരം ടിയാൻ 18.02.2024 തീയതി വരെ മെഡിക്കൽ അവധിയിൽ തുടരുകയും ചെയ്തിരുന്നുവെന്നും സംസ്ഥാന പോലീസ് മേധാവി പരാമർശം (4) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

2. ശ്രീ. സുനിൽ ആർ എസ് ബന്ധപ്പെട്ട അവധി അപേക്ഷകൾ മെഡിക്കൽ രേഖകളോടൊപ്പം കൃത്യമായി സമർപ്പിക്കുകയോ തിരികെ ജോലിയിൽ പ്രവേശിക്കുകയോ ചെയ്യാത്തതിനാൽ ടിയാൻ അവധിയിൽ പ്രവേശിച്ച 15.08.2023 തീയതി മുതൽ ടിയാനെ സേനയിൽ നിന്നും ഒളിച്ചോടി പോയതായി പ്രഖ്യാപിച്ചുകൊണ്ട് പരാമർശം (1) പ്രകാരം നടപടിക്രമം പുറപ്പെടുവിച്ചിരുന്നുവെന്നും അതിന് ശേഷം ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഉൾപ്പെടെ എല്ലാ മെഡിക്കൽ രേഖകളുമായി 19.02.2024 - തീയതിയിൽ തിരികെ റിപ്പോർട്ട് ചെയ്തതിനെ തുടർന്ന് ശ്രീ. സുനിൽ R. S- നെ അന്നേ ദിവസം ജോലിയിൽ പ്രവേശിപ്പിച്ച് പരാമർശം (2) പ്രകാരം ഉത്തരവായിട്ടുള്ളതിനാൽ ശ്രീ. സുനിൽ ആർ. എസ് സർവീസിൽ നിന്ന് വിട്ടുനിന്ന 15.08.2023 മുതൽ 18.02.2024

വരെയുള്ള കാലയളവ് ശൂന്യ വേതനാവധിയായി ക്രമീകരിക്കുന്നത് സംബന്ധിച്ച് ടിയാൻ പരാമർശം (3) പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം (4) പ്രകാരം സംസ്ഥാന പോലീസ് മേധാവി ശുപാർശ ചെയ്തിരുന്നു.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ഇന്ത്യ റിസർവ്വ് ബറ്റാലിയൻ പിസി 1289, ശ്രീ. സുനിൽ ആർ. എസ്-(PEN- 696166) നെ സേവനത്തിൽ നിന്നും ഒളിച്ചോടിയവൻ ആയി പ്രഖ്യാപിച്ചതൊഴികെ മറ്റ് അച്ചടക്ക നടപടികളൊന്നും ടിയാനെതിരെ സ്വീകരിച്ചിട്ടില്ല എന്ന് സംസ്ഥാന പോലീസ് മേധാവി പരാമർശം (4) പ്രകാരം അറിയിച്ചിരിക്കുന്ന സാഹചര്യത്തിലും ടിയാൻ 19.02.2024 ന് സേവനത്തിൽ തിരികെ പ്രവേശിച്ചിട്ടുള്ള സാഹചര്യത്തിലും ശ്രീ. സുനിൽ ആർ. എസ് അനധികൃതമായി സർവ്വീസിൽ നിന്നും വിട്ടു നിന്ന 15.08.2023 മുതൽ 18.02.2024 വരെയുള്ള കാലയളവ് ഇൻക്രിമെന്റ് , ഹയർഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി എന്നിവയ്ക്ക് പരിഗണിക്കുകയില്ല എന്ന വ്യവസ്ഥയിൽ KSR , ഭാഗം I , ചട്ടം 88 പ്രകാരം ശൂന്യവേതനാവധിയായി ക്രമീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷമീം മുഹമ്മദ് ബി എം
അണ്ടർ സെക്രട്ടറി

സംസ്ഥാന പോലീസ് മേധാവി, തിരുവനന്തപുരം.
ശ്രീ. സുനിൽ ആർ. എസ് ,പി.സി.1289, ഇന്ത്യ റിസർവ്വ് ബറ്റാലിയൻ (സംസ്ഥാന പോലീസ് മേധാവി മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)/ആഡിറ്റ്), തിരുവനന്തപുരം.
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ
ധനകാര്യ വകുപ്പ് (E 2911979), EXP- A4/638/2024-FIN, തീയതി 30.06.2025
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Smitha K P
സെക്ഷൻ ഓഫീസർ
Date: 08-07-2025 10:36:39